**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 – തിരുവള്ളൂർ, ഉദയനാപുരം ഗ്രാമ പഞ്ചായത്തുകൾ - 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ ശീർഷകത്തിൽ അനുവദിച്ചതും ട്രാസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം..9220/2019/ധന തീയതി, തിരുവനന്തപുരം., 23 നവംബർ 2019

---

പരാമർശം. 1) ട്രഷറി ഡയറക്ടറുടെ 29/07/2019-ലെ TRY/10962/2019-E2 നമ്പർ കത്ത്
2) ട്രഷറി ഡയറക്ടറുടെ 06/08/2019-ലെ TRY/11540/2019-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-19 **സാമ്പത്തിക വർഷം തിരുവള്ളൂർ** ഗ്രാമപഞ്ചായത്തിന് അനുവദിച്ച റവന്യൂ കളക്ഷൻ ഇൻസെന്റീവായും പൊതു ആവശ്യഫണ്ടിന്റെ ബാക്കി തുകയായും അനുവദിച്ച 5,44,813/- രൂപയുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളതായി പരാമർശം (1) പ്രകാരം ട്രഷറി ഡയറക്ടർ അറിയിക്കുകയുണ്ടായി. അതു പോലെ 2018-19 സാമ്പത്തിക വർഷം ഉദയനാപുരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച പൊതു ആവശ്യഫണ്ടിന്റെ ബാക്കി തുകയായ 1,71,621/- രൂപയുടെ ബില്ലും ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളതായി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) **സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും** 2018-19 സാമ്പത്തിക വർഷം റവന്യൂ കളക്ഷൻ ഇൻസെന്റീവായും പൊതു ആവശ്യഫണ്ടിന്റെ ബാക്കി തുകയായും അനുവദിക്കുകയും എന്നാൽ ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതെ ട്രഷറി ക്യൂവിൽ ഉൾപ്പെടുകയും ചെയ്ത മൊത്തം തുകയായ **7,16,434/- രൂപ (ഏഴ് ലക്ഷത്തി പതിനാറായിരത്തി നാനൂറ്റി മുപ്പത്തി നാല് രൂപ മാത്രം**) തിരുവള്ളൂർ, ഉദയനാപുരം എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് 2019-20 സാമ്പത്തിക വർഷത്തിലെ പൊതു ആവശ്യഫണ്ടിന്റെ "**3604-00-200-88-(05)-NP** എന്ന കണക്ക് ശീർഷകത്തിൽ നിന്നും അധിക ധനാനുമതിയായി താഴെ

പറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| പ്ര.സ.കോഡ് | പ്ര.സ പേര് | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| G110404 | തിരുവല്ലൂർ | 5,44,813 |
| G050106 | ഉദയനാപുരം | 1,71,621 |
| **ആകെ** | | **7,16,434** |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, തിരുവല്ലൂർ, ഉദയനാപുരം ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1337359)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ